(എ) കോഴിക്കോട് നഗരത്തിലെ എം.എം. ഹൈസ്കൂൾ, ഹിദായത്തുൽ ഇസ്ലാം ഹൈസ്കൂൾ, ജെ.ടി.ഡി. ഇസ്ലാം ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്ലസ്ടു അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടുത്ത അദ്ധ്യയനവർഷം കോഴ്സുകൾ ആരംഭിക്കാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത വർഷം പുതിയ പ്ലസ്ടു കോഴ്സുകൾ അനുവദിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

71 (1287) പ്ലസ്ടു കോഴ്സിന് അനുമതി നൽകാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കായംകുളം മണ്ഡലത്തിൽപ്പെട്ട കായംകുളം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, മുതുകുളം സംസ്കൃത ഹൈസ്കൂൾ, പ്രയാർ ഹൈസ്കൂൾ, എൻ.ആർ.പി.എം. ഹൈസ്കൂൾ, സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, സി.എം.എസ്. പുതുപ്പള്ളി, വിനോബാ ഹൈസ്കൂൾ, വിശ്വഭാരതി ഹൈസ്കൂൾ പുള്ളിക്കണക്ക് എൻ.എസ്.എസ്. ഹൈസ്കൂൾ, രാമപുരം ഗവ. ഹൈസ്കൂൾ, പത്തിയൂർ പഞ്ചായത്ത് ഹൈസ്കൂൾ, മുതുകുളം ഹൈസ്കൂൾ, കൊപ്പാറേത്ത് ഹൈസ്കൂൾ, പുളിയറ ഹൈസ്കൂൾ എന്നിങ്ങനെ 14 ഹൈസ്കൂളുകളിൽ മേൽകാണിച്ച മുൻഗണനാക്രമത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതകൂടി കണക്കിലെടുത്ത് പ്ലസ്ടു കോഴ്സുകൾ അനുവദിക്കുമോ;

(ബി) കായംകുളം മണ്ഡലത്തിൽ നാളിതുവരെ രണ്ട് ഹൈസ്കൂളുകളിൽ മാത്രമാണ് പ്ലസ് ടു അനുവദിച്ചത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കായംകുളം എം.എസ്.എം. കോളേജുകളിൽനിന്ന് 1500 പ്രീഡിഗ്രി സീറ്റുകളാണ് ഡീലിങ്ക് ചെയ്യുന്നത് എന്ന കാര്യം പ്ലസ് ടു അനുവദിക്കുമ്പോൾ പരിഗണിക്കുമോ;

(ഡി) എങ്കിൽ എം.എസ്.എം. കോളേജിൽനിന്നും ഡീലിങ്ക് ചെയ്യുന്ന 1500 സീറ്റുകൾക്ക് പകരം കായംകുളം മണ്ഡലത്തിൽ വിവിധ ഹൈസ്കൂളുകളിലായി മുപ്പത് പ്ലസ് ടു ബാച്ചുകൾ എങ്കിലും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതോടെ കായംകുളം മണ്ഡലത്തിൽ പ്രീഡിഗ്രിക്ക് തുല്യമായ പഠനസൗകര്യങ്ങൾ കുറയാതെ നോക്കുന്ന കാര്യം സർക്കാർ പ്രത്യേകം പരിഗണിക്കുമോ;

(എഫ്) മണ്ഡലത്തിൽ പ്ലസ്ടു കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് കായംകുളം എം.എൽ.എ. നൽകിയ നിവേദനങ്ങൾ സജീവ പരിഗണനയിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വർഷം പുതിയ പ്ലസ് ടു അനുവദിച്ചിട്ടില്ല. പുതിയ സ്കൂളുകൾ അനുവദിക്കുന്ന സമയത്ത് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

(ഡി) പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) പരിഗണിക്കുന്നതാണ്.

(എഫ്) പുതിയ സ്കൂളുകൾ അനുവദിക്കുമ്പോൾ എല്ലാ നിവേദനങ്ങളും പരിഗണിക്കുന്നതാണ്.

72 (1289) പ്ലസ്ടു അദ്ധ്യാപക നിയമനത്തിന് യോഗ്യതാ പരീക്ഷ

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു അദ്ധ്യാപക നിയമനത്തിന് യോഗ്യതാ പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വിഷയങ്ങൾക്ക് ബി.എഡ്. ബിരുദം വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്;

(ബി) കോമേഴ്സ് ബിരുദാനന്തര ബിരുദധാരികൾക്ക് പ്ലസ്ടു അദ്ധ്യാപക നിയമനത്തിന് അപേക്ഷിക്കാൻ ബി.എഡ്. വേണമെന്ന നിബന്ധന ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്ലസ്ടു അദ്ധ്യാപക നിയമനത്തിന് അപേക്ഷിക്കുന്ന ആർട്സ്, സയൻസ് ബിരുദാനന്തര ബിരുദധാരികൾക്ക് മിനിമം മാർക്ക് 50% ആണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആർട്സ്കാരുടെ മിനിമം മാർക്സ് 45% ആയി കുറയ്ക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സോഷ്യോളജി, സംഗീതം, ഹോം സയൻസ്, ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ് എന്നീ വിഷയങ്ങൾക്ക് ബി.എഡ്. ഉടനെ വേണ്ടെന്ന് തീരുമാനിച്ചു.

(ബി) 91-ന് മുമ്പ് കൊമേഴ്സിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കും പ്രായപരിധി കഴിയാറായവർക്കും നിയമനം ലഭിച്ചതിനുശേഷം 3 വർഷത്തിനുള്ളിൽ ബി.എഡ്. എടുത്താൽ മതിയെന്ന ഇളവ് അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly